# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.451

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബി അക്കൗണ്ടുകളുടെ ആഡിറ്റ്

| ചോദ്യം<br>ശ്രീ. വി.എസ്. ശിവകുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) സി.എ.ജി. നിയമം 1971 ലെ 20 (2) ലെ വകുപ്പ് പ്രകാരം കിഫ്ബിയുടെ ഫണ്ട് വിനിയോഗം സമ്പൂർണ്ണ ഓഡിറ്റ് ചെയ്യണമെന്ന് സി.എ.ജി. സംസ്ഥാന സർക്കാരിന് 2018 മാർച്ച് 15 ന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന് നൽകിയ മറുപടിയുടെ വിശദാംശം നൽകുമോ ;<br>(ബി) സി.എ.ജി. നിയമം 1971 ലെ 20(2) ലെ വകുപ്പ് പ്രകാരം സമ്പൂർണ്ണ ആഡിറ്റ് നടത്താൻ അനുവാദം നൽകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | നൽകിയിരുന്നു. സി&എജിയുടെ സമഗ്ര ഓഡിറ്റ് നടത്താനുള്ള അനുവാദം ഒരു ഘട്ടത്തിലും കിഫ്ബി നൽകാതെയിരുന്നിട്ടില്ല. CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് അധികാരങ്ങൾ ഒരു പരിമിതിയുമില്ലാത്തതും സമ്പൂർണ്ണവുമാണ്. ഇതിൻപ്രകാരം കിഫ്ബിയുടെ എല്ലാ വരവു ചെലവു കണക്കുകളും C&AG ഓഡിറ്റിനു വിധേയമാണെന്നതാണ് നിയമവും വസ്തുതയും. ഇതനുസരിച്ച് കിഫ്ബിയിൽ 2 തവണ C&AG ഓഡിറ്റ് നടത്തിയിട്ടുള്ളതാണെന്നിരിക്കെ മറിച്ചുള്ള ആക്ഷേപം വസ്തുതകൾക്ക് നിരക്കാത്തതും അയഥാർത്ഥവുമാണ്. CAG-DPC Act സെക്ഷൻ 20(2) ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി&എജി ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നത് എന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം സി&എജിയുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിങ് ആണ് എന്നുള്ളത് സി&എജിയുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്. |

| | |
|---|---|
| (സി) കിഫ്ബി അക്കൗണ്ടുകൾ സി.എ.ജി. ആഡിറ്റ് ചെയ്താൽ നിക്ഷേപകർക്ക് ആത്മവിശ്വാസം കുറയുമെന്ന വാർത്തകളോട് സർക്കാർ യോജിക്കുന്നുണ്ടോ; | കിഫ്ബിയുടെ കണക്കുകൾ സി&എജി സമഗ്ര ഓഡിറ്റ് നടത്തിയാൽ അത് നിക്ഷേപകർക്ക് തെറ്റായ സന്ദേശം നൽകുമെന്ന് കരുതുന്നില്ല. സെക്ഷൻ 14(1) പ്രകാരമുള്ള സമഗ്ര ഓഡിറ്റ് നടത്താവുന്നതാണെന്ന് സി.&എ.ജി അറിയിച്ചിരുന്നു. ഇപ്രകാരമുള്ള സമഗ്ര ഓഡിറ്റിനായി രണ്ട് തവണ സി&എ.ജി കിഫ്ബിയിൽ വരികയുണ്ടായി. എന്നാൽ ആക്ട് അനുശാസിക്കുന്ന സ്റ്റാറ്റിയൂട്ടറി ഓഡിറ്റർ നിലനിൽക്കെ ആ ചുമതലയിലേക്കായി സി&എ.ജിയും വരുന്നതും സമാന്തര റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും നിക്ഷേപകരിൽ ആശങ്കകൾ സൃഷ്ടിച്ചേക്കാം എന്നു മാത്രമാണ് അറിയിച്ചത്. കിഫ്ബിയിൽ ആക്ട് പ്രകാരം നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് സമാന്തരമായി സി&എജിയുടെ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റിനു സഹവർത്തിക്കാവുന്നതാണ്. സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റിനു നിയമപരമായി ഒരു ഓഡിറ്റിങ് പരിമിതികളും ഇല്ല. ഈ വിഷയം സംബന്ധിച്ച പരാതികളൊന്നും നിക്ഷേപകരിൽ നിന്നു ലഭിച്ചിട്ടില്ല. |
| (ഡി) ഏതെങ്കിലും നിക്ഷേപകർ അങ്ങനെയൊരു പരാതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

P. A. [signature]

**ജോയിന്റ് സെക്രട്ടറി**